## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*130

06-03-2018 ൽ മറുപടിയ്ക്ക്

### ഹജ്ജ് തീർത്ഥാടകരുടെ ക്ഷേമത്തിനായുള്ള നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം.നൗഷാദ്<br>ശ്രീ.ജെയിംസ് മാത്യു | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെയുള്ള എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്ത് നിന്നും ലഭ്യമാക്കുന്നു. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും ലഭ്യമാക്കാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പൂർണ്ണ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളി വാക്സിനേഷനും, പ്രതിരോധ കുത്തിവെപ്പും നടത്തുകയും ആരോഗ്യ പരിപാലനത്തെക്കുറിച്ച് ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങൾ ഹജ്ജ് തീർത്ഥാടകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഹജ്ജ് ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും, ക്യാമ്പിലെ ഹജ്ജ് സെല്ലിലേക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും, കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ |

സഹായിക്കുന്നതിന് വേണ്ടി മുസ്ലിം സമുദായത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാരെ ഹജ്ജ് വോളന്റിയർ മാരായി അയയ്ക്കുകയും ചെയ്തുവരുന്നു.

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈന ദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് അനുവദിക്കുന്നുണ്ട്.

ബി) കേന്ദ്ര സർക്കാരിന്റെ പുതിയ കരട് ഹജ്ജ് നയത്തിൽ സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകരുടെ താത്പര്യം ഹനിയ്ക്കുന്ന എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയി രിക്കുന്നത്;

ബി) കേന്ദ്രസർക്കാർ 2017 ഒക്ടോബർ മാസത്തിൽ പുതിയ ഹജ്ജ് നയത്തിന്റെ കരട് പ്രസിദ്ധീകരിക്കുകയും ബന്ധപ്പെട്ടവരിൽ നിന്നുള്ള അഭിപ്രായ നിർദ്ദേശങ്ങൾ പരിഗണിച്ചശേഷം 2017 നവംബർ മാസം 10-ാം തീയതി 2018-22 ലേയ്ക്കുള്ള പുതിയ ഹജ്ജ് നയം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നേരത്തെയുള്ള (2013-17) ഹജ്ജ് നയവും നിലവിലെ നയവും തമ്മിൽ ചില വ്യവസ്ഥകളിൽ സാമ്യതയുണ്ടെങ്കിലും ചിലതിൽ കാതലായ മാറ്റങ്ങളുണ്ട്.

പുതിയ ഹജ്ജ് നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ (ബന്ധപ്പെട്ട വിഷയ ത്തിലെ പഴയ നിർദ്ദേങ്ങൾ സഹിതം) അനുബന്ധമായി ചേർക്കുന്നു.

സംസ്ഥാനത്ത് നിന്നുള്ള ഹജ്ജ് തീർത്ഥാടകരെ പ്രതികൂലമായി ബാധിക്കുന്ന താഴെപ്പറയുന്ന വ്യവസ്ഥ കളാണ് പുതിയ ഹജ്ജ് നയത്തിൽ ഉള്ളത്:-

i) നാല്, അഞ്ച് വർഷക്കാർക്കുണ്ടാ യിരുന്ന റിസർവേഷൻ എടുത്തു കളഞ്ഞതു മൂലം കേരളത്തിൽ ഇപ്രാവശ്യം അഞ്ചാം വർഷക്കാരായി 13313 പേർക്ക് ഈ രീതിയിൽ അവസരം ലഭിക്കുന്ന സാഹചര്യം ഇല്ലാതായി.

ii) 2015 ലെ ഹജ്ജ് മുതൽ റൺവെ അറ്റകുറ്റപ്പണിയുടെ പേരിൽ കരിപ്പൂരിൽ നിന്ന് കൊച്ചിയിലേക്ക് മാറ്റിയിട്ടുള്ള കേരളത്തിന്റെ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കൊച്ചിയിൽ തന്നെ തുടരുന്നതാണ് എന്നാണ് ഹജ്ജ് നയത്തിൽ വ്യക്തമാക്കിയിട്ടുള്ളത്.

iii) പുതിയ ഹജ്ജ് നയപ്രകാരം 70% കേന്ദ്ര ഹജ്ജ് കമ്മിറ്റി വഴിയുള്ള ക്വാട്ടയും 30% പ്രൈവറ്റ് ടൂർ ഓപ്പറേറ്റർമാർക്കുമുള്ളതാക്കി (എന്നാൽ നിരന്തരമായ സർക്കാർ സമ്മർദ്ദം മൂലം പിന്നീട് കേന്ദ്ര ഹജ്ജ് കമ്മിറ്റിയ്ക്ക് 75% ഉം, പ്രൈവറ്റ് ടൂർ ഓപ്പറേറ്റർമാർക്ക് 25%ഉം ആക്കി ക്വാട്ട പുനഃസ്ഥാപിക്കപ്പെട്ടു).

| | |
|---|---|
| സി) പ്രസ്തുത കരട് ഹജ്ജ് നയത്തിൽ കേരളത്തിലെ തീർത്ഥാടകരെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ഹജ്ജ് നയത്തിലെ കേരളത്തിലെ ഹജ്ജ് തീർത്ഥാടകരെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ മാറ്റുന്നതിന് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയും സംസ്ഥാന സർക്കാരും ശക്തമായി വാദിക്കുകയും പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഹജ്ജ് ക്വാട്ട പഴയ പടി പുനസ്ഥാപിക്കുന്നതിൽ കേരളത്തിന്റെ കൂടി ഇടപെടൽ മൂലം സാധിച്ചു. അഞ്ചാം വർഷക്കാരുടെ സെലക്ഷൻ, എംബാർക്കേഷൻ കരിപ്പൂരിലേക്ക് മാറ്റുക എന്നീ വിഷയങ്ങൾ ബഹു.പ്രധാനമന്ത്രിയുടെയും ബഹു. കേന്ദ്ര വ്യാമയാന മന്ത്രിയുടെയും ന്യൂനപക്ഷകാര്യാലയ മന്ത്രിയുടെയും, കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാന്റെയും എല്ലാ മെമ്പർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>മേൽപ്പറഞ്ഞ വസ്തുതകൾ ഉന്നയിച്ചുകൊണ്ട് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ബഹു.സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ (WP(C) No.1155/17) സംസ്ഥാന സർക്കാരിനെ എതിർകക്ഷിയായി ചേർത്തിട്ടുള്ളതും ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കിക്കൊണ്ട് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ഹജ്ജ് പോളിസി (2013-17) | ഹജ്ജ് പോളിസി (2018-22) |
|---|---|
| ഹജ്ജ് ക്വാട്ട<br>കേന്ദ്ര ഹജ്ജ് കമ്മിറ്റി വിഹിതം 75%<br>സ്വകാര്യ ഗ്രൂപ്പുകൾ 25% | ഹജ്ജ് ക്വാട്ട<br>കേന്ദ്ര ഹജ്ജ് കമ്മിറ്റി വിഹിതം 70%<br>സ്വകാര്യ ഗ്രൂപ്പുകൾ 30% (കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ കുറച്ച ഹജ്ജ് ക്വാട്ട പുതിയ ഹജ്ജ് നയത്തിൽ മാറ്റം വരുത്തി ഉത്തരവിലൂടെ പുന:സ്ഥാപിച്ചിട്ടുണ്ട്.) |
| ഹജ്ജ് ചെയ്യാൻ അനുവദിക്കപ്പെട്ടവർ<br>ജീവിതത്തിൽ ഒരിക്കൽ പോലും ഹജ്ജ് ചെയ്യാത്തവർക്കായി കേന്ദ്ര ഹജ്ജ് കമ്മിറ്റി ക്വാട്ട പരിമിതപ്പെടുത്തിയിരിക്കുന്നു | മാറ്റമില്ല |
| ഒരു കവറിൽ പരമാവധി 5 പേർക്ക് അപേക്ഷിക്കാം | ഒരു കവറിൽ പരമാവധി 4 പേരിൽ പരിമിതപ്പെടുത്തി |
| സ്ത്രീകൾക്ക് രക്തബന്ധമുള്ള പുരുഷന്റെ കൂടെ മാത്രമേ ഹജ്ജിന് പോകാൻ പാടുള്ളൂ | 45 വയസിന് മുകളിലുള്ള 4 പേരടങ്ങിയ മുസ്ലിം സ്ത്രീകൾക്ക് രക്തബന്ധത്തിൽപ്പെട്ട പുരുഷ സഹായി ഇല്ലാതെ ഹജ്ജിന് പോകാം |
| സെലക്ഷനുള്ള മുൻഗണനാക്രമം<br>1) 70 വയസിന് മുകളിലുള്ളവർക്ക്<br>2) 4, 5 വർഷക്കാർക്ക്<br>3) ജനറൽ കാറ്റഗറി | സെലക്ഷനുള്ള മുൻഗണനാക്രമം<br>1) 70 വയസിന് മുകളിലുള്ളവർക്ക്<br>2) ജനറൽ കാറ്റഗറി<br>പഴയ പോളിസിയിൽ (2013 17) നാല്, അഞ്ച് വർഷക്കാർക്കുണ്ടായിരുന്ന റിസർവേഷൻ എടുത്തു കളഞ്ഞു. പോളിസിയിൽ സൂചിപ്പിക്കുന്ന 45 വയസിന് മുകളിലുള്ള 4 പേരടങ്ങിയ വനിതാ ഹജ്ജ് തീർത്ഥാടകരെ നറുക്കെടുപ്പില്ലാതെ തെരഞ്ഞെടുത്ത് കൊണ്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റി ഉത്തരവിറക്കി |
| ഹജ്ജ് ക്വാട്ടയുടെ വിതരണം<br>1) ആകെയുള്ള കേന്ദ്ര ഹജ്ജ് കമ്മിറ്റി ക്വാട്ട 35 കേന്ദ്ര ഭരണ/സംസ്ഥാനങ്ങൾക്കിടയിൽ മുസ്ലിം ജനസംഖ്യാ അടിസ്ഥാനത്തിൽ മുൻകൂട്ടി വിഭജിക്കുന്നു.<br>2) സർക്കാറിന് പ്രത്യേകമുള്ള ക്വാട്ടയിലേക്ക് (ഗവ ക്വാട്ട) നറുക്കെടുപ്പിൽ ലഭിക്കാത്ത അപേക്ഷകരെ പരിഗണിക്കുന്നു.<br>3) ബാക്കി വരുന്ന സീറ്റുകൾ കൂടുതൽ അപേക്ഷകരുള്ള സംസ്ഥാനങ്ങൾക്ക് മുസ്ലിം ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കുന്നു. | ഹജ്ജ് ക്വാട്ടയുടെ വിതരണം<br>പുതിയ ഹജ്ജ് നയത്തിൽ 5 ഘട്ടങ്ങളിലായിട്ടാണ് സീറ്റുകൾ വിഭജിക്കുന്നത്.<br>1) പുതിയ ഹജ്ജ് നയപ്രകാരം 70% കേന്ദ്ര ഹജ്ജ് കമ്മിറ്റി വഴിയുള്ള ക്വാട്ടയും 30% പ്രൈവറ്റ് ടൂർ ഓപറേറ്റർമാർക്കുമുള്ളതാണ്. (എന്നാൽ പ്രത്യേക ഉത്തരവിലൂടെ കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് 75%ഉം പ്രൈവറ്റ് ടൂർ ഓപ്പറേറ്റർമാർക്ക് 25% ഉം ആക്കി പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br>2) അനുവദിച്ച കേന്ദ്ര ഹജ്ജ് കമ്മിറ്റിക്കുള്ള |

| | |
|---|---|
| | സീറ്റുകളിൽ നിന്ന് ഖാദിമുൽ ഹുജ്ജാജ് (625 എണ്ണം), ഗവ ക്വാട്ട (500 എണ്ണം) എന്നിവ കുറച്ചതിന് ശേഷം ബാക്കി സീറ്റുകൾ മുസ്ലിം ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കുന്നു.<br>3) നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്ന ഹാജിമാരുടെ സീറ്റുകൾ<br>4) ബാക്കി വരുന്ന സീറ്റുകളിൽ 500 സീറ്റുകൾ മെഹ്റം ഇല്ലാത്ത സ്ത്രീകൾക്കായി മാറ്റി വെയ്ക്കുന്നു. പിന്നീടും സീറ്റ് ബാക്കിവരുകയാണെങ്കിൽ 2000 സീറ്റുകൾ പ്രത്യേക പരിഗണന നൽകി ജമ്മു കശ്മീരിന് അധികം നൽകുന്നു. വീണ്ടും ബാക്കി വരുന്ന സീറ്റുകൾ ആകെ ലഭിച്ച 500 അപേക്ഷകളിൽ കുറവുള്ള സംസ്ഥാനങ്ങൾക്കോ കേന്ദ്ര ഭരണ പ്രദേശങ്ങൾക്കോ നൽകുന്നു.<br>5) തുടർന്നു ബാക്കി വരുന്ന സീറ്റുകൾ കൂടുതൽ അപേക്ഷകരുള്ള സംസ്ഥാനങ്ങൾക്ക് ആകെ ലഭിച്ച അപേക്ഷയുടെ എണ്ണത്തിന് അനുസരിച്ച് വിഭജിക്കുന്നു. |
| <u>നറുക്കെടുപ്പ്</u><br>സംസ്ഥാന ഹജ്ജ് കമ്മിറ്റി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം കംപ്യൂട്ടറൈസ്ഡ് നറുക്കെടുപ്പ് നടത്തുന്നു | <u>നറുക്കെടുപ്പ്</u><br>മാറ്റമില്ല |
| <u>സെലക്ഷനുള്ള മുൻഗണനാക്രമം</u><br>1) 70 വയസിന് മുകളിലുള്ളവർക്ക്<br>2) 4, 5 വർഷക്കാർക്ക്<br>3) ജനറൽ കാറ്റഗറി | <u>സെലക്ഷനുള്ള മുൻഗണനാക്രമം</u><br>1) 70 വയസിന് മുകളിലുള്ളവർക്ക്<br>2) ജനറൽ കാറ്റഗറി<br>പഴയ പോളിസിയിൽ (2013 17) നാല്, അഞ്ച് വർഷക്കാർക്കുണ്ടായിരുന്ന റിസർവേഷൻ എടുത്തു കളഞ്ഞു. പോളിസിയിൽ സൂചിപ്പിക്കുന്ന 45 വയസിന് മുകളിലുള്ള 4 പേരടങ്ങിയ വനിതാ ഹജ്ജ് തീർത്ഥാടകരെ നറുക്കെടുപ്പില്ലാതെ തെരഞ്ഞെടുത്ത് കൊണ്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റി ഉത്തരവിറക്കി |
| <u>ഗവ സീറ്റ് വിഭജനം (500 എണ്ണം)</u><br>1) കേന്ദ്ര ഹജ്ജ് കമ്മിറ്റി 200<br>2) ഇന്ത്യാ ഗവ 300<br>  1) രാഷ്ട്രപതി 100<br>  2) പ്രധാനമന്ത്രി 75<br>  3) ഉപരാഷ്ട്രപതി 75<br>  4) വിദേശകാര്യ മന്ത്രി 50 | <u>ഗവ സീറ്റ് വിഭജനം (500 എണ്ണം)</u><br>1) കേന്ദ്ര ഹജ്ജ് കമ്മിറ്റി 200<br>2) ഇന്ത്യാ ഗവ 300<br>  1) രാഷ്ട്രപതി 100<br>  2) പ്രധാനമന്ത്രി 75<br>  3) ഉപരാഷ്ട്രപതി 75<br>  4) ന്യൂനപക്ഷകാര്യ മന്ത്രി 50 |

| എംബാർക്കേഷൻ പോയിന്റ് | എംബാർക്കേഷൻ പോയിന്റ് |
|---|---|
| ഇന്ത്യയിൽ ആകെ 21 ഹജ്ജ് എംബാർക്കേഷൻ പോയിന്റുകൾ നിലവിലുണ്ടായിരുന്നു (2015 മുതൽ റൺവെ അറ്റകുറ്റപ്പണിയുടെ പേരിൽ കരിപ്പൂരിൽ നിന്ന് കൊച്ചിയിലേക്ക് മാറ്റിയിട്ടുണ്ട്) | എംബാർക്കേഷൻ പോയിന്റിന്റെ എണ്ണത്തിൽ മാറ്റമില്ല കേരളത്തിലെ എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിൽ നിന്ന് കൊച്ചിയിലേക്ക് മാറ്റി |

സെക്ഷൻ ഓഫീസർ